# ഇ-മഷി

## ജി എച്ച് എസ് തൃക്കളം

# <u>ആശംസ</u>

ത്രിക്കുളം ഹൈസ്കൂളിന്റെ 2023 24 അധ്യയന വർഷത്തിലെ ഐടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ ഇ -മഷിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു മാഗസിൻ എഡിറ്റർ നദ മർവ( 9 C) എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. ഇ- മഷിയിൽ വിദ്യാർത്ഥികളുടെ സൃഷ്ടികൾ മാത്രമല്ല ഇവിടുത്തെ അധ്യാപകരുടെ സൃഷ്ടികളും ഉൾപ്പെടുത്തിയിട്ടുണ്ട് അതുകൊണ്ടുതന്നെ ഇത് അധ്യാപക വിദ്യാർത്ഥി സർഗാത്മക വേദിയാണ്. ഈ ഡിജിറ്റൽ അക്ഷരലോകം തൃക്കുളം സ്കൂളിന്റെ പൊൻ തൂവൽ ആയി മാറട്ടെ എന്ന് ആശംസിക്കുന്നു



**ബീനറാണി**

**ഹെഡ് മിസ്ട്രസ്**

# ജി എച്ച് എസ് തൃക്കുളം



1909 ൽ മലബാർ എലിമെന്ററി ബോർഡിന്റെ കീഴിൽ ആരംഭിച്ച ഈ പ്രൈമറി പള്ളിക്കൂടം പ്രദേശത്തെ ഭൗതിക വിദ്യാഭ്യാസത്തിന്റെ ഏക കേന്ദ്രമായിരുന്നു . ശ്രീ ഉള്ളാട്ട് ആലിക്കോയ വൈദ്യർ സ്ഥലം നൽകിയതോടെ പള്ളിക്കൂടത്തിന്റെ സ്ഥിരതയും ഉയർച്ചയും വേഗത്തിലായി. ആരംഭത്തിൽ ഭൗതിക സൗകര്യങ്ങളുടെ കുറവും കുട്ടികളുടെ ബാഹുല്യവും മൂലം സ്കൂളിന് നാലു സെക്ഷനുകളായി പ്രവർത്തിക്കേണ്ടി വന്നു . 1952 ൽ സ്കൂൾ സർക്കാർ ഏറ്റെടുത്തു .1957ൽ യു പി സ്കൂൾ ആയി ഉയർത്തപ്പെട്ടു . 1985 വരെ സ്കൂൾ ഷിഫ്റ്റായാണ് പ്രവർത്തിച്ചിരുന്നത് . എന്നാൽ 12 ക്ലാസ് മുറികളോടെ പുതിയ കെട്ടിടം നിർമിച്ചതോടെ സ്ഥലപരിമിതിക്ക് പരിഹാരമായി . ഭൗതിക സാഹചര്യങ്ങളിൽ അടിസ്ഥാനപരമായി മാറ്റങ്ങൾ നേടിയെടുക്കുന്നതിൽ അക്കാലങ്ങളിലെ പ്രധാനാദ്ധ്യാപകരും പി ടി എ യും നടത്തിയ പരിശ്രമങ്ങൾ വിസ്മരിക്കാനാവുന്നതല്ല .
പ്രദേശത്തെ സ്ത്രീ വിദ്യാഭ്യാസ നിലവാരം ഉയർത്തികൊണ്ടുവരുന്നതിൽ സ്കൂൾ വഹിച്ച പങ്ക് വളരെ വലുതാണ്.

1983 മുതൽ 1998 വരെ പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ ഉസ്മാൻ മാസ്റ്റർ ദേശീയ അവാർഡിന് അർഹനായതോടെ വിദ്യാലയം ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു . പഠനത്തോടൊപ്പം കലാകായിക ശാസ്ത്ര മത്സരങ്ങയിൽ മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയാവുകയും മറികടക്കാൻ കഴിയാത്ത വധം ഉന്നതിയിൽ എത്തുകയും ചെയ്തു

പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം എന്ന ആശയം പ്രചരിക്കുന്നതിനു മുൻപ് തന്നെ ഈ വിദ്യാലയം ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചു മറ്റ് സ്കൂളുകൾക്ക് മാതൃകയായി . പഠനത്തോടൊപ്പം തൊഴിലും എന്ന ആശയത്തോടെ ആരംഭിച്ച തുന്നൽ പരിശീലനവും കൂട്ടിച്ചേർത്തു പറയേണ്ടത് തന്നെ . ഇപ്പോൾ ഏകദേശം 24 ഓളം കമ്പ്യൂട്ടറുകൾ അടങ്ങിയ ലാബ് പ്രവർത്തിച്ചു വരുന്നു . സ്കൂളിലെ ലൈബ്രറിയെ ഉപജില്ലയിലെ മോഡൽ ലൈബ്രറിയായി അംഗീകരിച്ചത് വലിയൊരു നേട്ടമാണ് . ഒരു സി ഡി ലൈബ്രറിയും ഇവിടെയുണ്ട് .

2013-14 വർഷത്തിൽ "ആർ .എം .എസ് .എ ." പദ്ധതി പ്രകാരം ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു . 50 കുട്ടികളുമായി ആദ്യ ബാച്ച് ആരംഭിച്ചു ആദ്യ എസ്. എസ് . എൽ . സി ബാച്ച് 100% വിജയം നേടിയെടുത്തു . വിവിധ മേളകളിൽ സംസ്ഥാന തലത്തിൽ പങ്കെടുത്തു മികച്ച വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു . മികവുറ്റ പഠന പഠ്യേതര പ്രവർത്തനങ്ങളുമായി വിദ്യാലയം മുന്നേറിക്കൊണ്ടിരിക്കുന്നു ....

GOVT. HIGH SCHOOL TRIKKULAM
ESTD : 1909

**റവന്യൂ ജില്ല**
മലപ്പുറം
**വിദ്യാഭ്യാസ ജില്ല**
തിരൂരങ്ങാടി
**ഉപജില്ല**
പരപ്പനങ്ങാടി
**പ്രധാന അദ്ധ്യാപകൻ**
ബീനറാണി
**പി.ടി.എ. പ്രസിഡണ്ട്**
എം എൻ ഷഫീക്ക്
**എം.പി.ടി.എ. പ്രസിഡണ്ട്**
ശ്യാമിലി

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ



**നദ മർവ കെ പി**

## സബ് എഡിറ്റർ



**ഫാത്തിമ മാജിയ പി കെ**

## ബോർഡ് മെമ്പർസ്

**ഫിദ**
**ഷംന**
**ഫിദ ഷെറിൻ**
**മിൻഹ ഷെറിൻ**
**ആയിഷ ഫിദ**
**മിൻഹ എൻ കെ**

# ലിറ്റിൽ കൈറ്റ് ഒരു ഐടി  കൂട്ടായ്മ.....

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ കുറെ വർഷങ്ങൾ കൊണ്ട് നമ്മുടെ മുഴുവൻ പൊതുവിദ്യാലയങ്ങളിലെ ക്ലാസ് റൂമുകളും ഹൈടെക് ആയി മാറിയിട്ടുണ്ട്. പരമ്പരാഗതമായ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ നിന്ന്  വ്യത്യസ്തമായി ഐടി അധിഷ്ഠിതമായ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആണ് കുറച്ചു കാലമായി നമ്മുടെ ക്ലാസ് റൂമുകളിൽ അനുവർത്തിച്ചു പോരുന്നത്.. ഐടിയിൽ തൽപരരായ വിദ്യാർഥികൾക്ക് കൂടുതൽ അവസരം നൽകുന്നതിനുള്ള ഒട്ടേറെ സംരംഭങ്ങൾ നമ്മുടെ പൊതുവിദ്യാലയത്തിൽ കുറഞ്ഞകാലം കൊണ്ട് ആരംഭിച്ചിട്ടുണ്ട്... അതിൽ വളരെ പ്രധാനപ്പെട്ടതാണ് ഹൈസ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ്. പ്രോഗ്രാമിംഗ്, ആനിമേഷൻ  അതേപോലെ റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് ഉള്ള അവസരമാണ്ഈ കൂട്ടായ്മയിലൂടെ ഉണ്ടായിട്ടുള്ളത്...... കൂടാതെ ഹൈടെക് ഉപകരണങ്ങളുടെ പരിപാലന ചുമതലയും ഇവർക്കാണ്.. പഠന പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ തന്നെ അധ്യാപകരുടെ സഹായത്തോടെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി അവതരിപ്പിക്കുകയാണ്... ഈ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.



രാജീവൻ വി എം
SITC

# No excuse

# My friend



GIREESH K
ENGLISH TEACHRER(HS)

Changed attitudes

Clauses assemble

tail to go harmony

‘I am the school’

‘dig out!’

drooping heads dozzing off-

beat upa professor in the college

had no time teach the boys

‘un cork it it at one go’

‘one last saving’

fast pacing

demands become more complex

atrocities after her

who to blame themselves?

Male chauvinism?

Medical examination shows,

she is in the family way

New breed of serious judges

Wounded in gunfights......

Whispering saffron attires,

‘I’ll set your right in a moment’

exploitative celluloid portrayal

poverty-spiritual penury

terrible time

No apologies, no hang ups

a crystal clear nation of what

ties ahead with a song,

that lives in the seed of your heart

the world of love

the world of love welcomes everyone

millionaire slumdogs.......

dream makes everything possible

hope makes everything work

smile -stay awake

## ഹൃദയ സംഗീതം

ഒരു വിഷാദ ഗീതം
എങ്ങുമെവിടെയു
മെനിക്ക് ചുറ്റും
എന്റെ നിഴലായ്
എന്നെ വലയം ചെയ്യുന്നു

അകലെ നിന്നെങ്ങോ
തെന്നിയെത്തുന്ന
അലയാഴിയുടെ
നേർത്ത
അലയൊലിപോലെ

അകലെയേതോ ചെറുവനത്തിൽ
വിരഹ ഗായകനാ –
മാട്ടിടയന്റെ മുളന്തണ്ടിൽ നിന്നുയരും
ശോക ഗാനത്തിന്റെ
ഇളം വീചിപോലെ

അരങ്ങു തകർത്താടിത്തളർന്ന
നർത്തകിയുടെ
മണിച്ചിലങ്കയിൽ നിന്നുതിരും
മന്ത്ര ധ്വനി പോലെ

ഘോര വനത്തിൽ മന്ദമാരുതന്റെ
കരവിരുതാൽ മുട്ടിയുരുമ്മുന്ന
ഓടമുളകളാലപിക്കും
നേർത്ത സംഗീതം പോലെ

ശിശിരത്തിന്റെ തണുത്ത യാമങ്ങളിൽ
പൊഴിയുന്ന
മഞ്ഞുതുള്ളികളുടെ
മാസ്മര മന്ത്രണം പോലെ

ഒരു വിഷാദ ഗീതം
എങ്ങുമെവിടെയു–
മെനിക്ക് ചുറ്റും
എന്റെ നിഴലായ്
എന്നെ വലയം ചെയ്യുമ്പോൾ

ഞെട്ടിതിരിഞ്ഞു നോക്കുന്ന ഞാൻ
കാണുന്നില്ലാരെയും
കേൾക്കുന്നു നാദവും

കാതുകൾ പൊത്തിപ്പിടിച്ച
ഞാനറിയുന്നു
വേണ്ടിതാ ഗാനം
ശ്രവിക്കുവാൻ കാതുകൾ

ഒടുവിലറിയുന്നു ഞാനാ
നാദധാര
എന്നാത്മ ഗീതമാം
ഹൃദയ സംഗീതമേ...



**പ്രീതി ദാസ്**
സോഷ്യൽ സയൻസ് അദ്ധ്യാപിക

പുതുമഴ

കോരിച്ചൊരിയും മഴയുടെ താളം
കേൾക്കാനെത്ര കൊതിച്ചൂ ഞാൻ
താളം തുള്ളും മഴയുടെ കൂടെ
മേളം തീർത്തതുമോർപ്പൂ ഞാൻ

സ്കൂള്ള തുറക്കാൻ കാത്തു കിടന്നൊരു
മഴയുടെ കൂടെയിറങ്ങീ ഞാൻ
കുടയും ചൂടി കൂട്ടരോടൊപ്പം
കൂക്കിവിളിച്ചു നടന്നൂ ഞാൻ

കുടയും കൊണ്ടൊരു കാറ്റു പറന്നു
കുടയുടെ കൂടെ ഞാനും പറന്നു

കടലാസ്സിൽ കളിവള്ളം തീർത്ത്
ചെളിവെള്ളത്തിലോഴുക്കീ ഞാൻ

കാലം മാറി കോലം മാറി
കുട്ടികൾ മാറി കളി മാറി

പ്രകൃതി

ഇരുളിൽ മറനീക്കി ഉഷസ്സണരുമ്പോൾ
നമ്മിലുണരുന്ന പുതുപുത്തൻ പുലരിയും
ഓരോ പുലരിയും ഓരോരോ
പ്രതീക്ഷയും
ഓരോരോ വസന്തമായി മാറിടും
ഓരോ വസന്തവും
പുതു പുത്തൻ കാഴ്ചകൾ നൽകുന്നു
ഇത്ര സുന്ദരമാം കാഴ്ചകൾ നൽകിടും
എന്നമ്മയെ വണങ്ങുന്നു
ഞാനെന്നെന്നും നീയല്ലോ പ്രകൃതിയും അമ്മയും
നീയല്ലോ പ്രപഞ്ച സൃഷ്ടിയും
പ്രകൃതിയാം അമ്മയെ കാത്തിടാം നമുക്കെന്നും
നന്മയുള്ളൊരു നല്ലൊരു നാളെക്കായി



നിഖില പി എം
നാച്ചുറൽ സയൻസ് അദ്ധ്യാപിക

# നന്ദിയുള്ള പരുന്ത്

ഒരു ദിവസം മരംവെട്ടുക്കരൻ മരം വെട്ടുകയായിരുന്നു. അപ്പോൾ  ഒരു പരുന്ത് കെണിയിൽപ്പെട്ട് കിടക്കുന്നത് കണ്ടു. മരംവെട്ടുക്കാരൻ പരുന്തിന്റെ ഭംഗിയിൽ അകൃഷ്ടനായി.പരു ന്തിനെ കെണിയിൽനിന്ന് രക്ഷപ്പെടുത്തി.



കുറച്ചു നാളുകൾക്ക് ശേഷം മരം വെട്ടുകരൻ ഒരു കുന്നിൻമുകളിൽ മരം വെട്ടുകയായിരുന്നു. നേരം ഉച്ചയായപ്പോൾ അയാൾ ഭക്ഷണപ്പൊതിയെടു ത്ത് ഒരു വലിയ പാറക്കല്ലിന്റെ മുകളിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങുകയായിരുന്നു. അപ്പേൾ പരുന്ത് പറന്നു വന്ന് ഭക്ഷണം കൊതിയെടുത്ത് പറന്നു.

മരംവെട്ടുക്കാരന് ദേഷ്യം വന്നു.അയാൾ ചാടി എഴുന്നേറ്റ് പരുന്തിന്റെ വലിയ ശബ്ദത്തോടെ താഴെ കുന്നിൻ ചെരുവിലേക്ക് മറിഞ്ഞുവീണു.സ്തംഭിച്ചുനിന്ന മരം വെട്ടുകാരന്റെ അരികിലേക്ക് പറന്ന് ചെന്ന് പരുന്ത് ഭക്ഷണപ്പൊതി തിരിച്ചുകൊടുത്തു.അപ്പോൾ മാത്രമാണ് അയാൾക്ക് പരുന്തിന്റെ നല്ല മനസ്സ് ബോധ്യമായത്.

ഹന സഫൂറ സി ടി
6 എഫ്

# ദുരാഗ്രഹിയായ മന്ത്രി

വീരപുരിയിലെ രാജാവായിരുന്നു വീരപുത്രൻ അദ്ദേഹത്തിന് മത്സ്യങ്ങളെ വളരെ ഇഷ്ടമായിരുന്നു മത്സ്യം കൂടാതെ ഭക്ഷണം കഴിക്കേണ്ടി വന്നാൽ അദ്ദേഹത്തിന് ഒരു തൃപ്തിയും ഉണ്ടാവുകയില്ല. എല്ലാദിവസവും ഭക്ഷണത്തിന് രാജാവ് മത്സ്യം പ്രതീക്ഷിച്ച ഒരു ദിവസം ഭയങ്കരമായ കൊടുങ്കാറ്റും മഴയും ഉണ്ടായപ്പോൾമാർ ആരും തന്നെ കടലിൽ പോയില്ല ഇതറിഞ്ഞ രാജാവ് പറഞ്ഞു ഇന്ന് കടലിൽ പോയി എനിക്ക് നല്ല മീൻ കൊണ്ടുവരുന്നവനെ വലിയ സമ്മാനം ഉണ്ടായിരിക്കും" രാജാവിന്റെ വിളംബരം കേട്ട ഒരു പാവം എങ്കിലും ധീരനായ ഒരു മുക്കുവൻ കടലിൽ പോയി ഭാഗ്യം കൊണ്ട് അയാൾക്ക് ഒരു വലിയ മീനും കിട്ടി  മീനുമായി അയാൾ നേരെ കൊട്ടാരത്തിലേക്ക് ചെന്നു  പക്ഷേ കാവൽക്കാർ അവനെ അകത്തേക്ക് കടത്തി വിട്ടില്ല അപ്പോഴാണ് വീരപുത്രന്റെ മന്ത്രി ആ വഴി വന്നത് മന്ത്രി പറഞ്ഞു" ഞാൻ നിന്നെ അകത്തേക്ക് കടത്തിവിടാൻ പക്ഷേ അകത്ത് കിട്ടുന്നതിൽ പാതി എനിക്ക് തരണം"മുക്കുവൻ സമ്മതിച്ചു. വലിയ മത്സ്യത്തെ കണ്ടേ രാജാവ് വളരെ സന്തോഷിച്ചു.. "ധീരനായ ചെറുപ്പക്കാരാ നീ എന്ത് ആവശ്യപ്പെട്ടാലും അത് ലഭിച്ചിരിക്കും" മുക്കുവൻ പറഞ്ഞു "മഹാരാജൻ എനിക്ക്  പത്ത് ചാട്ടയടി നൽകിയാലും " ഇത് കേട്ട് രാജാവ് അത്ഭുതപ്പെട്ടു. അദ്ദേഹം കാവൽക്കാരനെ വിളിച്ച മുക്കുവനെ പത്ത് ചാട്ടവാറടി കൊടുക്കുവാൻ കൽപ്പിച്ചു. പക്ഷേ അഞ്ച് അടി കിട്ടിയപ്പോൾ മുക്കുവൻ പറഞ്ഞു " രാജൻ ബാക്കി അടി താങ്കളുടെ മന്ത്രിക്ക് കൊടുത്തേക്കു " രാജാവിന് കാര്യം മനസ്സിലായില്ല. മുക്കുവൻ മന്ത്രിയുടെ കൈക്കൂലിയെ കുറിച്ച് പറയുകയും കൊക്കോ കോപിഷ്ഠനായ രാജാവ് മന്ത്രിയെ ശിക്ഷിക്കുകയും ധീരനായ മുക്കുവന് വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകുകയും ചെയ്തു"..'

**ഹന സഫൂറ സി ടി**
**6 എഫ്**

# മനസ്സലിഞ്ഞ രാജകുമാരി

ഒരിടത്ത് ഒരു അച്ഛനും അമ്മയും മകളും ഉണ്ടായിരുന്നു. അമ്മ രോഗം ബാധിച്ച് മരണപ്പെട്ടു . അച്ഛൻ കാട്ടിൽ മരം വെട്ടലായിരുന്നു അച്ഛന്റെ
ജോലി. വെട്ടിയ മരം ചന്തയിൽ വിക്കും. അച്ഛൻ ജോലിക്ക് പോകുമ്പോൾ മകൾ വീട്ടിൽ ഒറ്റക്കായിരുന്നു. മകൾക്ക് ഒരു കൂട്ടാവാൻ വീണ്ടും ഒരു കല്യാണം കഴിച്ചു. രണ്ടാനമ്മയാണെങ്കിലും തീരെ ദയയില്ലാത്തവളായിരുന്നു.
അവർക്ക് രണ്ട് മക്കൾ ഉണ്ടായിരുന്നു. അവർ മൂന്ന് പേരും അവളെ കളിയാക്കുമായിരുന്നു. പാവം രാജകുമാരി അത് കണ്ട് ദുഃഖിക്കും. വീട്ടുജോലികൾ ഒറ്റക്ക് ചെയ്യിപ്പിക്കും. അച്ഛൻ ജോലി കഴിഞ്ഞ് വരുമ്പോൾ അച്ഛനെ കാണിക്കാൻ വേണ്ടി അവളെ താലോലിക്കും അച്ഛൻ പോയാൽ അവളെ ഉപദ്രവിക്കുമായിരുന്നു അങ്ങനെ ഒരു ദിവസം അവിടെയുള്ള രാജകുമാരൻ വധുവിനെ തിരഞ്ഞെടുക്കാൻ ആ നാട്ടിലെ പെൺ കുട്ടികളെയെല്ലാം രാജകൊട്ടാരത്തിലേക്ക് വിളിച്ചു വരുത്തി രാജകുമാരിയുടെ വീട്ടിൽ നിന്ന് രണ്ടാനമ്മയും മക്കളുമായിരുന്നു പോയിരുന്നത് രാജകുമാരി "വരട്ടെ" എന്ന് അവരോട് ചോദിച്ചു: അവർ പറഞ്ഞു: നിന്റെ കയ്യിൽ നല്ല വസ്ത്രം ഇല്ലല്ലോ എന്ന് പറഞ്ഞ് അവർ അവളെ കളിയാക്കി. അവൾ ജനാലയരികിൽ പോയി ദുഃഖിച്ച് കരയാൻ തുടങ്ങി അപ്പോൾ അവളുടെ അടുത്ത് ഒരു വയസ്സായ അമ്മൂമ്മ വന്നു അമ്മൂമ്മ ചോദിച്ചു: നീ എന്തിനാണ് കരയുന്നത് "പൊന്നു മക്കളെ " അവൾ കാര്യം പറഞ്ഞു . ആ അമ്മൂമ്മ ഒരു മാലാഖയായിരുന്നു അവർ ഒരു വടിയെടുത്ത് അവളുടെ നേരെ നീട്ടി. അവൾ ഒരു നല്ല വസ്ത്രം അണിഞ്ഞു. നിറയെ മുത്തുകളും കണ്ടാൽ കണ്ണ് തള്ളിപോകും വിധമുള്ള നല്ല ഭംഗിയുള്ള വസ്ത്രം. അവളോട് മാലാഖ പറഞ്ഞു: ഈ വസ്ത്രം 4 മണിക്കൂർ വരെ നിൽക്കുകയൊള്ളൂ പിന്നെ
നിന്റെത് പഴയതായി മാറും
4 മണിക്കൂറിനുമുമ്പ് നീ വീട്ടിൽ എത്തണം. അവൾ മാലാഖക്ക് വാക്ക് നൽകി. അവർ ഒരു ഭംഗിയുള്ള കുതിര വണ്ടി അവൾക്ക് നൽകി. അവൾ ആ കുതിരവണ്ടിയിൽ കൊട്ടാരത്തിലേക്ക് പോയി . അവൾ അവിടേക്ക് കടന്നു ചെന്നു
എല്ലാവരും അവളെ തുറിച്ച് നോക്കി. രാജാവിന് അവളെ ഇഷ്ടപ്പെട്ടു അവളോട് നൃത്തം ചെയ്യാമോ എന്ന് രാജാവ് ചോദിച്ചു. അവൾ സമ്മതം നൽകി.

ആയിഷ ഫിദ പി ടി

9 എഫ്

## *പണ്ഡിതയും പരുന്തും*

അരയാൽ മരത്തിന്റെ ചുവട്ടിലിരുന്ന് സദാ സമയവും ഗ്രന്ഥ പാരായണത്തിൽ മുഴുകിയിരിക്കുന്ന ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. ഒരു ദിവസം മരക്കൊമ്പിൽ വന്നിരുന്ന ഒരു പരുന്ത്, പണ്ഡിതനോട് ചോദിച്ചു; "അല്ലയോ,മഹാപണ്ഡിതാ ഇത്രയുംപണ്ഡിത്യമുണ്ടായിട്ടും, അങ്ങ് എന്തിനാണ് സദാ സമയവും ഗ്രന്ഥ പാരായണത്തിൽ ഏർപ്പെട്ടിരിക്കുന്നത്?

അതു കേട്ട് പണ്ഡിതൻ ഒരു മറുചോദ്യം ചോദിച്ചു.

"ഹേ പക്ഷി ശ്രേഷ്ഠാ..., അങ്ങ് ആകാശത്ത് വളരെ ഉയരത്തിൽ വട്ടമിട്ടു പറക്കുന്നത് എന്തിനാണ്?"

"എത്രത്തോളം ഉയരത്തിൽ  പറക്കുന്നുവോ അത്രത്തോളം എനിക്ക് താഴെ ഭൂമി വിശാലമായി കാണാം.എവിടെയെങ്കിലും ഇര ഉണ്ടെങ്കിൽ എളുപ്പം കണ്ടുപിടിക്കാൻ കഴിയും".പരുന്ത് ഗർവോടെ പറഞ്ഞു.

അപ്പോൾ പണ്ഡിതൻ ചിരിച്ചു കൊണ്ട് പറഞ്ഞു;

"എന്നാൽ അതു പോലെ ഗ്രന്ഥങ്ങൾ എത്ര കൂടുതൽ വായിക്കുന്നുവോ, മനുഷ്യന് ദീർഘവീക്ഷണവും അറിവും അത്രയും കൂടും"

ആയിഷ ഫിദ പി ടി

9 എഫ്

*അർഹതയില്ലാത്ത കുരങ്ങൻ*


സിംഹരാജന്റെ  മരണശേഷം മൃഗങ്ങളെല്ലാം ആശയക്കുഴപ്പത്തിലായി.ആരാകും കാട്ടിലെ അടുത്ത രാജാവ്.ഇതായിരുന്നു മൃഗങ്ങളുടെ സംശയം അവസാനം എല്ലാവരും കൂടി ഒരാളെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. കുരങ്ങനും കുറുനരിയുമാണ് മത്സരിക്കാനായി വന്നത്. തന്റെ കായികഭ്യാസ മികവുകൊണ്ട് അവസാനം കുരങ്ങൻ തിരഞ്ഞെടുക്കപ്പെട്ടു. കുറുനരി നിരാശയോടെ ഒരവസരത്തിനായി കാത്തിരുന്നു.
ഒരു ദിവസം കുറുനരി നടന്നു പോകുമ്പോൾ വഴിയരികിൽ ഒരു മംസകഷ്ണം കണ്ടു. അത് ഒരു കെണിയണെന്ന കാര്യം കുറുനരിക്ക് മനസ്സിലായി .അവൻ കുരങ്ങൻ രാജാവിന്റെ അരികിലെത്തി ഇങ്ങനെ പറഞ്ഞു " അല്ലയോ രാജാവ്! ഞാൻ ഇവിടെ അടുത്ത് ഒരു മംസകഷ്ണം കണ്ടിട്ടുണ്ട്. എന്റെ കൂടെ വരൂ ഞാൻ കാണിച്ചു തരാം.
കുരങ്ങൻ രാജാവ് കുറുനരിയുടെ പിന്നാലെ ച്ചെന്ന് മംസകഷ്ണത്തിന് നേരെ ചാടി വീഴുകയും കെണിയിൽ വീഴുകയും ചെയ്തു.കുറുനരി ഉള്ളിൽ ചിരിച്ചു.

ആയിഷ ഫിദ പി ടി

9 എഫ്

# യഥാർത്ഥ ചങ്ങാതി

ഒരിടത്ത് ദയയുള്ള ഒരു മുയൽ ഉണ്ടായിരുന്നു. തന്റെ കഴിവിന്റെ പരമാവധി അവൻ എല്ലാ മൃഗങ്ങളെയും സഹായിക്കുമായിരുന്നു. മറ്റു മൃഗങ്ങളൊക്കെ അവനെ ഏറെ പുകഴ്ത്തുകയും ചെയ്തു.



ഒരിക്കൽ പാവം മുയൽ കാരറ്റ് തേടിനടക്കുമ്പോൾ വേട്ടയാടുന്ന നായകൾ അവന്റെ മേൽ ചാടിവീണു. മുയൽ ജീവനും കൊണ്ട് ഓടി പിന്നാലെ നായകളും അവസാനം മുയൽ ഒരു കുട്ടിച്ചെടിക്കുള്ളിൽ ഒളിച്ചിരുന്നു. ഭയന്നുവിറച്ചെങ്ങനെ ഇരിക്കുമ്പോൾ ഒരു കുതിര അതുവഴി കടന്ന് പോകുന്നത് പാവം മുയൽ കണ്ടു. കുതിരയോട് മുയൽ സഹായിക്കാൻ അപേക്ഷിച്ചു. അപ്പോൾ അത്യാവശ്യമായി ഒരു ജോലി ചെയ്യാനുണ്ട്.

പിന്നെ അതുവഴി വന്നത് ഒരു കളയായിരുന്നു.മുയൽ കാള യോടും സഹായിക്കാൻ അപേക്ഷിച്ചു.കാള പറഞ്ഞു"എനിക്ക് നിന്നെ സഹായിക്കാൻ ഇഷ്ടമാണ്. പക്ഷെ എന്റെ കുടുംബം എന്നെ കാത്തിരിക്കുന്നുണ്ട്. ഞാനിപ്പോയെ വൈകി "

പല മൃഗങ്ങളും അതു വഴി വന്നു ഓരോരുത്തർക്കും മുയലിനെ സഹായി കാത്തിരിക്കാനുള്ള കാരണങ്ങൾ ഉണ്ടായിരുന്നു.

മുയൽ ഓർത്തു എനിക്ക് കഴിയുമ്പോ ഞാൻ മറ്റുള്ളവരെ ഞാൻ മറ്റുള്ളവരെസഹായിച്ചു. പക്ഷേ സഹായിക്കാൻ ആരും വന്നില്ല.

അപ്പോഴാണ് ഒരു പരുന്ത് ആ വഴി പറന്നു വന്നത്. മുയൽ പറഞ്ഞു "ഒരു കൂട്ടം വേട്ട നായകൾ എന്റെ പിന്നാലെ വരുന്നുണ്ട്. പരുന്ത് ഉടനടി മുയലിന്റെ കാലിൽ മുറുക്കി പിടിച്ചു ഉയർന്ന് പറന്ന് മറ്റൊരു സുരക്ഷിത സ്ഥലത്ത് ഇറക്കിവെച്ചു.

ഹസ്ന
9 ഡി

## കാർമേഘങ്ങളെടുത്ത പാലസ്തീൻ ജനത

രാക്കിളി പാട്ടു കേട്ടിപ്പോൾ
താരാട്ടു കുട്ടി പോലും
രാത്രികളെങ്ങോ മറന്നു
പകരം പീരങ്കിയുണ്ടകൾ മാത്രം......!
കാർമേഘത്തിൽ നിന്നുമൊരിളി
കാലമെങ്ങോ വീണിട്ടാകാം.....
കരിമേട്ടുകൾ പച്ചപ്പുല്ലുകൾ വെറും
കരിയായ് മാറിയെന്നു മാത്രം

പച്ച മംസമായിട്ടും ദൈവമേ
ശ്മശാന നാടായിട്ടും അതും
ആരാതും തിരിഞ്ഞു നോക്കാത്ത
പാലസ്തീനെന്ന ചെറു നാട്ടു മാത്രം....!





മുഹമ്മദ് ആദിൽ ഹസ്സൻ
X- D

# The Lame's world

Foot is a blessing from God .it's a blessing for Michael who doesn't have it. His aim is to do something that a man with legs can do.So he can choose to travel. The journey is done by the one who has feet in world.Why can't he have it for those who don't have it?

He has reached a new kingdom. He who had no legs had no one. Michael,who has no one to support or shade. He enjoyed seeing the world. It was an evening. Every one is busy.some are busy returning to their families.Some are having fun with couple.Noone looked back at Michael. That's where it was seen. Just like himself,a lame dog crosses the road all the people are holding the reins of their speeding cars for that dog. People grumple ,"poor dog". After that , Michael started crossing the road in the same way. Seeing this,  people muttered,"one like a dog". He could see a group laughing among themselves and a group suppressing their laughter.mindful of his loss, Michael stepped forward.

Realising that his lameness was not a burden to him, Michael continued to travel with his lame leg. infront of those who ignored him..l
By the side of those who made fun of him he moved ahead.



Yaseen k
10D

നന്ദി

ജി എച്ച് എസ് ത്രിക്കളം